(ബി) പത്തനംതിട്ട ജില്ലയിൽ പ്രക്കാനത്ത് ഒരു കോൺഗ്രസ് പ്രവർത്തകരെ ആക്രമിച്ചതു സംബന്ധിച്ച് പത്തനംതിട്ട ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നടന്നുവന്ന കേസ് പിൻവലിക്കാനുള്ള അനുമതിക്ക് ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നുവോ;

(സി) ഈ ആവശ്യം അംഗീകരിക്കാത്ത പക്ഷം ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്നുകേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി)&(സി) കേസ് നംപർ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിവരങ്ങൾ നൽകാൻ നിവൃത്തിയില്ല.

പൊതുവിതരണ ത്വരിത സെൽ

107 (848) ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ ത്വരിത സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തലങ്ങളിലാണ് ഈ സെൽ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സെല്ലിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും പൊതു വിതരണ ത്വരിത സെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) പൊതു ജനങ്ങളിൽ നിന്നും അപേക്ഷയായോ, ഫോൺ മുഖേനയോ സെല്ലിൽ ലഭിക്കുന്ന പരാതികളിൽമേൽ സമയബന്ധിതമായി അന്വേഷണം നടത്തി പരിഹാരം കാണുന്നുണ്ട്. പരാതിക്കാരെ വിവരം അറിയിക്കുകയും ചെയ്യുന്നുണ്ട്.

ചാല റേഷൻ മൊത്തവ്യാപാര കേന്ദ്രത്തിലെ കൃത്രിമഅളവ്

108(849) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ചാല റേഷൻ മൊത്തവ്യാപാര ഡിപ്പോയിൽ നിന്നും റീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് വിതരണം നടത്തുന്ന റേഷൻ സാധനങ്ങളുടെ അളവിൽ വൻ കൃത്രിമം നടത്തി അളവു കുറച്ച് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് പ്രസ്തുത പരാതി ലഭിക്കുകയുണ്ടായതെന്നും ആരാണ് പരാതി നൽകിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരാതിയിൽമേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി. വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പരാതിയിലെ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് യഥാർത്ഥ കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും മേലിൽ ആവർത്തിക്കാതിരിക്കുന്നതിനും ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 1999 നവംബറിൽ പരാതി ലഭിച്ചിരുന്നു. കേരളാ സ്റ്റേറ്റ് റേഷൻ ഡീലേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയാണ് പരാതി നൽകിയത്. റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ തൂക്കക്കുറവ് ഉണ്ടെന്നും ഇപ്രകാരം തൂക്കത്തിൽ കുറവുവരുത്തുന്നതായ ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നു എന്നുമാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്.

(സി) പരാതി സംബന്ധിച്ച് ദക്ഷിണമേഖലാ ഡെപ്യൂട്ടിറേഷനിംഗ് കൺട്രോളറും ലീഗൽ മെട്രോളജി വകുപ്പും കൂട്ടായി പരിശോധന നടത്തിയതിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ തൂക്കത്തിൽ കുറവാണെന്ന ആരോപണം ശരിയാണെന്നു കാണുകയുണ്ടായി. തൂക്കത്തിൽ കുറവുണ്ടായത് ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമായതിനാൽ പ്രസ്തുത ജീവനക്കാരെ സ്ഥലം മാറ്റുകയും ലീഗൽ മെട്രോളജി നിയമപ്രകാരം അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

(ഡി) കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. അവരുടെ വിശദീകരണം ലഭിച്ചശേഷം ആവശ്യമെന്നു കണ്ടാൽ കൂടുതൽ അന്വേഷണം നടത്തുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

109(850)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിനും വില കുറച്ചുകൊണ്ടുവരുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി ഏതെങ്കിലും സാധനത്തിന്റെ വില കുറഞ്ഞിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങളുടെ വിലയിലാണ് കുറവ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly